## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1155** — **10.08.2017-ന് മറുപടിയ്ക്ക്**

## സ്കൂളുകളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള രണ്ടാമത്തെ സ്കീം പ്രകാരം സർക്കാരിന് സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതി റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണ്; ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; | (എ) സ്കൂൾതല കമ്മിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ, വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിലേക്കായി സർക്കാർ അംഗീകൃത ഏജൻസിയായ കിറ്റ്കോയ്ക്ക് നൽകുന്നു. കിറ്റ്കോയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശനം നടത്തി സ്കൂൾതല കമ്മിറ്റിയുടെ ആവശ്യാനുസരണം മാസ്റ്റർ പ്ലാൻ/ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി നേടി ധനസഹായത്തിനുള്ള അനുമതിയ്ക്കായി കിഫ്ബിയ്ക്ക് സമർപ്പിക്കുന്നു. കിഫ്ബി ബോർഡ് കൂടി പദ്ധതിക്ക് അംഗീകാരം നൽകുന്നു. |
| (ബി) ഈ പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമാഹരിക്കുന്ന ഏതെങ്കിലും തുക വിനിയോഗിക്കാൻ വ്യവസ്ഥയുണ്ടോ;<br><br>(സി) ഈ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കുമോ? | (ബി) & (സി) ഉണ്ട്. 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായുള്ള ധനകാര്യ ഉദ്ഗ്രഥനം സർക്കാർ, എം.പി., എം.എൽ.എ, ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്ത് തുടങ്ങിയവ മുഖേന ലഭ്യമാക്കുന്ന ഫണ്ടുകൾ മുഖേന കണ്ടെത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ